കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് - ഷീ ലോഡ്ജിംഗ് പ്രോജക്റ്റിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.345 /2018/തസ്വഭവ തിരുവനന്തപുരം, തീയതി, 05.02.2018

വായന :- 1. ഇടുക്കി ജില്ലാ കളക്ടറുടെ 13-12-2017- ലെ 50/17/DPC/DPO/ നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018-ലെ തീരുമാനം നം. 4.8

**<u>ഉത്തരവ്</u>**

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഈ വർഷം ഷീ ലോഡ്ജിംഗിനായി 38,91,400/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും നൂതന പദ്ധതി എന്ന നിലയിൽ തയ്യാറാക്കിയ ഈ പ്രോജക്റ്റിന് ജില്ലാതലസമിതി അംഗീകാരം നൽകിയിട്ടില്ലെന്നും പ്രത്യേക അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) 17.01.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.8 നമ്പർ തീരുമാനപ്രകാരം ടൂറിസ്റ്റ് മേഖലയുമായി ബന്ധപ്പെട്ട പഞ്ചായത്തായതിനാൽ ഷീ ലോഡ്ജിന് വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ വർഷം കെട്ടിടം പണിയുന്നതിന് മാത്രമാണ് (നിലവിലെ ടൗൺ ഹാളിനു മുകളിൽ) പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത് എന്നതിനാൽ കെട്ടിടം പണിയുന്നതിന് മാത്രമല്ലാതെ ഷീ ലോഡ്ജിംഗ് ശൃംഖലയോട് ചേർന്ന് പ്രവർത്തിക്കാനുള്ള മുഴുവൻ സൗകര്യവും ഒരുക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കേണ്ടതും ആവശ്യമെങ്കിൽ ഇതിനായി ബഹു വർഷ പ്രോജക്റ്റ് തയ്യാറാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
പ്രസിഡണ്ട്, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ)യുടെ പി.എയ്ക്ക്

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ